**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2023 -24 സാമ്പത്തിക വർഷത്തെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ബജറ്റ് വിഹിതം എത്രയാണ്; പ്രസ്തുത സാമ്പത്തിക വർഷത്തിൽ ഇത് പൂർണമായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലെ അനുബന്ധം 4 പ്രകാരം വികസന ഫണ്ട്, പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട്. മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക, അതിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഇവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അനുവദിച്ച സമയത്തിനുള്ളിൽ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന പദ്ധതികൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടും യാതൊരു തുടർനടപടികളും സ്വീകരിക്കാതെ തിരികെ നൽകിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | 2023-24 സാമ്പത്തിക വർഷത്തിൽ ട്രഷറികളിൽ സമർപ്പിച്ച് തിരികെ നൽകിയ ബില്ലുകളുടെ തുക 2024-25 സാമ്പത്തിക വർഷത്തിൽ അധിക വിഹിതമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(രൂപ ആയിരത്തിൽ)

| ക്രമ നമ്പർ | ഫണ്ടിന്റെ ഇനം | വകയിരുത്തിയ തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | വികസന ഫണ്ട് | 55520500 | 55520500 |
| 2 | സംരക്ഷണ ഫണ്ട് | 36469927 | 36469927 |
| 3 | പൊതു ആവശ്യ ഫണ്ട് | 22443032 | 22443032 |
| | ആകെ | 114433459 | 114433459 |